**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 263** **26-06-2024 - ൽ മറുപടിയ്ക്ക്**

**അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ച നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ്,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് അധ്യാപകർ കൂട്ട അവധി എടുത്തത് മൂലം വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് ചില അധ്യാപകർ അവധി എടുത്തത് മൂലം വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല. |
| (ബി) | പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (ബി) | അധ്യയന ദിനങ്ങൾ വർദ്ധിപ്പിച്ചതിൽ പ്രതിഷേധിച്ച് ചില അധ്യാപകർ അവധി എടുത്തത് മൂലം വിദ്യാഭ്യാസ മേഖലയിൽ പ്രതിസന്ധി ഉണ്ടായിട്ടില്ല. |
| (സി) | ഈ അധ്യയന വർഷം അധ്യയന ദിനങ്ങൾ വർദ്ധിപ്പിക്കാൻ ഇടയായ സാഹചര്യമെന്തെന്ന് വിശദമാക്കാമോ; | (സി) | കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VIIചട്ടം 3 പ്രകാരം ഓരോ സ്കൂൾ വർഷത്തിലും സാധാരണഗതിയിൽ ചുരുങ്ങിയത് പരീക്ഷാദിവസങ്ങൾ കൂടാതെ 220 സാദ്ധ്യായ ദിവസങ്ങൾ ഉണ്ടായിരിക്കണമെന്നും പ്രത്യേക സാഹചര്യങ്ങളിൽ ആവശ്യമെങ്കിൽ ഒരു അധ്യയന വർഷം 20 ദിവസം വരെ സാദ്ധ്യായ ദിവസങ്ങൾ എഡ്യൂക്കേഷണൽ ഓഫീസർക്കും അതിൽ കൂടുതൽ ഉള്ളത് ഡയറക്ടർക്കും ഇളവ് ചെയ്യാവുന്നതാണ് എന്നും ചട്ടം വ്യവസ്ഥ ചെയ്യുന്നു.<br><br>എറണാകുളം എബനേസർ സ്കൂൾ മാനേജരും, പി.ടി.എ. യും ചേർന്ന് 2023-24 അധ്യയന വർഷത്തിലെ വിദ്യാഭ്യാസ കലണ്ടറിൽ പ്രവൃത്തി ദിനങ്ങൾ 220 ആക്കണമെന്ന് ബഹു.കേരള ഹൈക്കോടതിയിൽ WP(C) 25120/2023 കേസ് ഫയൽ ചെയ്തിരുന്നു. അതിൻ പ്രകാരം വരും വർഷങ്ങളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം VIIചട്ടം 3 പ്രകാരമുള്ള പ്രവൃത്തി ദിനങ്ങൾ എത്തിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമെന്ന് 25/04/2024 ലെ എസ്2(എ)1599098/2023/ ഡി.ജി.ഇ. നമ്പർ ഉത്തരവ് പ്രകാരം 26/02/2024 ലെ വിധിന്യായം പാലിച്ച് ഉത്തരവിറക്കിയിരുന്നു. എന്നാൽ WP(C) 25120/2023 കേസിന്റെ 23/05/2024 ലെ |

| | | | |
|---|---|---|---|
| | | | Contempt Case (C) No. 1134/2024(S) പ്രകാരം 06/06/2024 തീയതിയ്ക്ക് മുമ്പായി 2024-25 വർഷത്തെ അക്കാദമിക് കലണ്ടർ സംബന്ധിച്ച നിർദ്ദേശം നൽകുവാൻ ബഹു.ഹൈക്കോടതി ഉത്തരവിടുകയും ചെയ്തിരുന്നു. ഇവയുടെ അടിസ്ഥാനത്തിലാണ് 220 പ്രവൃത്തി ദിനങ്ങൾ ഉൾപ്പെടുത്തി അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചത്. |
| (ഡി) | അധ്യാപകരുടെ കൂട്ട അവധി അപേക്ഷയിന്മേലുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | കെ.ഇ.ആർ & കെ.എസ്.ആർ ചട്ടങ്ങൾ പ്രകാരം ബന്ധപ്പെട്ട അധികാരികൾ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ